നം.പിഡി.എം.സി/2/38103/12

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം,തി:17.12.12.

സാമൂഹ്യനീതി ഡയറക്ടർ

# സർക്കുലർ

വിഷയം:- സാമൂഹ്യനീതി വകുപ്പ്- സമഗ്ര ശിശുസംരക്ഷണ പദ്ധതി ക്ക (ഐ.സി.പി.എസ്) വിവിധ കമ്മിറ്റികൾ രൂപീകരിച്ച് ഉത്തരവായത്- സംബന്ധിച്ച്.

സൂചന:- G.O(MS)No.68/12/SJD dt:9.11.12

**********

നിലവിൽ നടപ്പിലാക്കി വരുന്ന വിവിധ ശിശുസംരക്ഷണ പദ്ധതികൾ ഒരു കുടക്കീഴിൽ വരത്തക്കവിധം സംയോജിപ്പിച്ച് സംയോജിത ശിശുസംരക്ഷണ പദ്ധതി ( Integrated Child Protection Scheme (ICPS) ) കേന്ദ്രവനിതാ ശിശുവികസന മന്ത്രാലയം ആവിഷ്കരിക്കുകയും 2009-10 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്ത് ടി പദ്ധതി നടപ്പിലാക്കി വരുകയും ചെയ്യുന്നു. 1989-ൽ ഐക്യരാഷ്ട്ര സഭ പ്രഖ്യാപിച്ച കുട്ടികളുടെ അവകാശ ഉടമ്പടി, ബാല നീതി നിയമം 2000 എന്നിവ വിഭാവനം ചെയ്യുന്ന കുട്ടികളുടെ സംരക്ഷണം, വിദ്യാഭ്യാസം, വികസനം, പുനരധിവാസം തുടങ്ങിയവ നടപ്പിലാക്കണമെന്ന ലക്ഷ്യത്തോടെയാണ് ടി പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പൊതു സമൂഹത്തിന്റെ പങ്കാളിത്തത്തിന് പ്രത്യേകം ഊന്നൽ നൽകിയിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിന് പഞ്ചായത്ത് മുതൽ സംസ്ഥാന തലം വരെ വിവിധ കമ്മിറ്റികളും, അനുബന്ധ സംവിധാനങ്ങളും രൂപീകരിച്ച് പ്രവർത്തനം തുടങ്ങേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി സൂചന സർക്കാർ ഉത്തരവ് പ്രകാരം District Child Protection Committee, Block Level Child Protection Committee, Panchayath Level Child Protection Committee എന്നിവ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. കൂടാതെ ജില്ലാ സാമൂഹ്യ നീതി ഓഫീസറെ District Child Protection Officer ആയി നിയമിച്ചിട്ടുണ്ട്. വിവിധ തലത്തിലുള്ള കമ്മിറ്റികളുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ജില്ലാ സാമൂഹ്യ നീതി ഓഫീസർ, ചൈൽഡ് ഡെവലെപ്പ്മെന്റ് പ്രോജക്ട് ഓഫീസർ, ഐ.സി.ഡി.എസ സൂപ്പർവൈസർ എന്നിവർ താഴെ പറയുന്ന അടിയന്തിര നടപടി സ്വീകരിക്കുവാൻ നിർദ്ദേശിക്കുന്നു.

Mk/

1. സൂചന സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ **District Child Protection Officer** ഉം **District Child Protection Committee** മെമ്പർ സെക്രട്ടറിയുമായി നിയമിതരായിട്ടുണ്ട്. ആയതു കൊണ്ട് 15.01.2013 തിയതിക്ക് മുൻപായി ടി കമ്മിറ്റിയുടെ പ്രഥമ മീറ്റിംങ് വിളിച്ചു ചേർക്കുന്നതിനുള്ള നടപടി അതാത് **DSJO** മാർ സ്വീകരിക്കേണ്ടതാണ്.

2. **Block Level Child Protection Committee** യും **Panchayath Level Child Protection Committee** യും 2013 ജനുവരി 20 ന് മുമ്പായി വിളിച്ചു ചേർക്കുന്നതിന് ശിശുവികസന പദ്ധതി ഓഫീസർമാർക്കും സൂപ്പർ വൈസർമാർക്കും വേണ്ട നിർദ്ദേശം നൽകേണ്ടതാണ്

3. **Block Level Child Protection Committee** വിളിച്ചു ചേർക്കേണ്ടത് ശിശുവികസന പദ്ധതി ഓഫീസർ ( **ICDS Main**) ആണ്. **Panchayath Level Child Protection Committee** വിളിച്ചു ചേർക്കേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള സൂപ്പർ വൈസർ ആയിരിക്കും **Implementing Officer.**

4. സർക്കാർ ഉത്തരവ് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിന്റെ കോപ്പി എല്ലാ മെമ്പർമാർക്കുംലഭ്യമാക്കേണ്ടതാണ്. ടി. വിഷയങ്ങൾ 2013 ജനുവരി മാസത്തിലെ ജില്ലാതല അവലോകനമീറ്റിംഗിലെ അജണ്ടയിൽ ഉൾപ്പെടുത്തി ചർച്ചചെയ്യേണ്ടതാണ്.

5. **DCPC** ന്റെ ആദ്യമീറ്റിംഗിന്റെ തിയതി ഈകാര്യാലയത്തിലേക്ക് റിപ്പോർട്ട്ചെയ്യേണ്ടതാണ്.

6. **District, Block, Panchayath Level Committee** കൾ ചേർന്നതിന്റെ മിനിട്സ്ജില്ലാ സാമൂഹ്യ നീതി ഓഫീസർ ശേഖരിച്ച് 31.01.2013 നകം ഈ കാര്യാലയത്തിൽ എത്തിക്കേണക്കടതാണ്.

(ഒപ്പ്)

സാമൂഹ്യ നീതി ഡയറക്ടർ

എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർ മാർക്കും
എല്ലാ സി.ഡി.പി.ഒ. മാർക്കും
എല്ലാ അഡീഷണൽ ഡയറക്ടർ
എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും
ഡയറക്ടറുടെ സി.എ.
സ്റ്റോക്ക് ഫയൽ

Mk/